ശ്രീ. എ. താണുപിള്ള: അങ്ങിനെ അഭിപ്രായം ആവശ്യപ്പെട്ടിട്ട് എത്ര നാളായി?

ശ്രീ. ടി. കെ. നാരായണപിള്ള: നാലഞ്ചുദിവസമായി.

ശ്രീ. പി. കെ. ഡീവർ: എന്തെല്ലാം സംഗതികളാണ് നിവേദനത്തിൽ പറഞ്ഞിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: പല സംഗതികളുമുണ്ട്. അതിന്റെ പകർപ്പ് കൈവശമില്ല.

ശ്രീ. പി. കെ. ഡീവർ: എറണാകുളം ഗവൺമെണ്ടപ്രസ്സിൽ വാളണ്ടിയർമാർ ശമ്പളമില്ലാതെ ജോലിചെയ്യുന്നുവെന്നും, ഇവിടെ വാളണ്ടിയർമാക്ക് ശമ്പളമുണ്ടെന്നുമുള്ള സംഗതി ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ പീസുവക്കാണ്. അവിടെ അതല്ല. ഈ വക എല്ലാ സംഗതികളെസംബന്ധിച്ചും ഗവൺമെണ്ട് അടുത്തുതന്നെ തീരുമാനം ചെയ്യണമെന്ന വിചാരിച്ചിരിക്കയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: രാത്രിയും പകലും ജോലിചെയ്യുന്നതിനു കൂടുതൽ ശമ്പളമുണ്ടോ?

ശ്രീ. ടി കെ. നാരായണപിള്ള: ഇല്ല.

ശ്രീ. എ. പി. ഉദയഭാനു: തിരുവനന്തപുരം ഗവൺമെണ്ട പ്രസ്സിൽനിന്നും വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടോ മൂന്നോ കിട്ടിയിട്ടുണ്ട്. ആ കാര്യത്തെ സംബന്ധിച്ചും സമീപകാലത്തുതന്നെ ഒരു തീരുമാനം ചെയ്യണമെന്നാണ് ഗവൺമെണ്ടുദ്ദേശിക്കുന്നത്.

ശ്രീ. കെ. കുട്ടപ്പൻ: തിരുവിതാംകൂറിലെ പ്രസ്സിൽനിന്നും ആളുകളെ കുറവുചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതിനെപ്പറ്റി ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ആവശ്യമാണെന്നു കാണുന്നപക്ഷം അതിനെപ്പറ്റി ആലോചിക്കുമെന്നുമാത്രമേ ഇപ്പോൾ പറയുവാൻ നിവൃത്തിയുള്ളൂ.

Question 47. Not put.

മുസ്ലീം ധർമ്മസ്ഥാപനങ്ങൾ

*൪൪. (൪൫) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:—

വഖ്ഫ് (മുസ്ലീം ധർമ്മസ്ഥാപനങ്ങൾ) സ്വത്തുക്കളുടെശരിയായ ഭരണത്തിനും നിയന്ത്രണത്തിനും ആവശ്യമായ നിയമനിർമ്മാണം ചെയ്യണമെന്ന കൊച്ചി നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും, ഒരു ബിൽ അവതരിപ്പിക്കാമെന്ന നിയമമന്ത്രി വാഗ്ദാനംചെയ്യുകയും ചെയ്ത സംഗതി ഗവൺമെണ്ടിനറിയാമോ?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ.) എ. ജെ. ജോൺ: അറിയാം.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: അതിലേക്ക് ഒരു ബില്ലുകൊണ്ടുവരുവാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ്ബ് ബഹദൂർ എ. എം. മുസ്താഫാ: മദ്രാസിൽ നിയമമുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്താഫാ: അതു് ഇവിടെയും കഴിയുന്നതും വേഗം കൊണ്ടുവരുമോ?

ശ്രീ. എ. ജെ. ജോൺ: അതാണു് ഞാനിവിടെ പറഞ്ഞതു്.

സൂതികർമ്മണികൾ

*൯ ൫൭. (൪൯) സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:—

നമ്മുടെ സ്റ്റേറ്റിൽ സൂതികർമ്മിണികൾ (മിഡ്വൈഫുകൾ) നിയമിക്കപ്പെടാത്ത പഞ്ചായത്തു് അതിൽ അധികവും വില്ലേജുകൾ ഏതെല്ലാം?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ടു്.

LIST OF VILLAGE UNIONS AND PANCHAYATS WHERE THERE ARE NO MIDWIVES APPOINTED

Trivandrum District

1.	Thazhakudy	Village Union
2.	Suchindram	,,
3.	Eranial	,,
4.	Arudesam	,,
5.	Arumana	,,
6.	Balaramapuram	,,
7.	Kazhakkoottam	,,
8.	Kadakkavoor	,,
9.	Varkala	,,
10.	Aramboly	,,
11.	Chirayinkil	,,
12.	Karakonam	,,
13.	Thiruvattar	,,
14.	Aloor	,,
15.	Pallichal	,,
16.	Ilakamon	,,
17.	Agastheeswaram	,,
18.	Thovala	Village Union
13.	Thalakulam	,,
20.	Kanjirakode	,,
21.	Menamkulam	,,
22.	Kallara	,,
23.	Attoor	,,
24.	Thamarakulam-Kudiyiruppu	,,
25.	Palugal	,,
26.	Parasala	,,
27.	Edava	,,
28.	Manickal	,,
29.	Mekkode	,,
30.	Bhoothapandy Village Panchayat	
31.	Nedumangad Village Panchayat	

Quilon District

1.	Thrikkovilvattam	Village Union
2.	Karunakappally	,,
3.	Oachira	,,
4.	Malayalapuzha	,,
5.	Konni	,,
6.	Pathanapuram	,,
7.	Cherukole	,,
8.	Ranni-Mannamaruthy	,,
9.	Pallippad	,,
10.	Mavelikara-Thamarakulam	,,
11.	Palamel	Village Union
12.	Krishnapuram	,,
13.	Veeyapuram	,,
14.	Vellikunnam	,,
15.	Thazhakkara	,,
16.	Punnapura	,,
17.	Ranni-Angadi	,,
18.	Ranni-perunad	,,
19.	Ennakad	,,
20.	Kumarapuram	,,
21.	Keerikad-Kandalloor	,,

LIBRARY ARCHIVES Kerala Legislative Assembly